

# രക്ഷകനായ ദൈവം

2

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി.

പാഠം 6

# മംഗളവാർത്ത



നസ്രത്ത് എന്ന പട്ടണത്തിൽ മറിയം എന്നൊരു കന്യക താമസിച്ചിരുന്നു. ദാവീദിന്റെ വംശത്തിൽപെട്ട യൗസേപ്പ് എന്നപുരുഷനുമായി അവളുടെ വിവാഹം നിശ്ചയിച്ചിരുന്നു.

ഒരു ദിവസം ഒരു മാലാഖ അവളുടെ അടുത്തുവന്നു.
ഗബ്രിയേൽ എന്നായിരുന്നു ആ മാലാഖയുടെ പേര്.

# മാലാഖ മറിയത്തോടു പറഞ്ഞു:

## മാലാഖ മറിയത്തോടു പറഞ്ഞു:

‘ദൈവകൃപ നിറഞ്ഞവളേ സ്വസ്തി!

കർത്താവ് നിന്നോടു കൂടെ.

നീ ഗർഭംധരിച്ച് ഒരു പുത്രനെ പ്രസവിക്കും. നീ അവന് ഈശോ എന്നു പേരിടണം.

"ഇതാ കർത്താവിന്റെ ദാസി; നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ".

മറിയത്തിന്റെ മകനായി രക്ഷകനായ ഈശോ ജനിക്കും എന്ന വാർത്തയാണ് **മംഗളവാർത്ത.**

മാലാഖ ദൈവേഷ്ടം അറിയിച്ചു. മറിയം അതു സ്വീകരിച്ചു. മറിയം ഈശോയുടെ അമ്മയായി.

നാമും മറിയത്തെപ്പോലെ
ദൈവത്തിന്റെ ഇഷ്ടം അറിയുകയും അതനുസരിച്ചു
ജീവിക്കുകയും ചെയ്യണം.



# നമുക്കു പാടാം

പൂർവ്വപിതാക്കൾക്കഖിലേശൻ
നൽകി സദയം വാഗ്ദാനം
നൽകുന്നൂനം രക്ഷകനെ
നിങ്ങൾക്കായ് ഞാനീ മന്നിൽ.

വാഗ്ദാനത്തിൻ പൂർത്തിക്കായ്
ദാവിദീൻപ്രിയ വംശജയാം
മറിയം നേടിയ സന്ദേശം
മാനവരക്ഷയ്ക്കച്ചാരം.

- Angelus prayer from CD





# നമുക്കുപ്രാർത്ഥിക്കാം

**ലോകരക്ഷകനായ മിശിഹായേ, അങ്ങയുടെ ആഗമനം അനുഗൃഹീതമാകുന്നു. മാലാഖമാരോടുകൂടെ അങ്ങയെ സ്തുതിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമേ.**

# നമുക്ക് അനുകരിക്കാം

**ദൈവത്തിന്റെ വാക്കുകൾ അനുസരിച്ച**
**മറിയത്തെപ്പോലെ നമുക്കും**
**ദൈവത്തെ അനുസരിക്കാം.**

# സ്വന്തമാക്കേണ്ട ബോധ്യങ്ങൾ

* ഗബ്രിയേൽ മാലാഖയാണു രക്ഷകനായ ഈശോയുടെ ജനനത്തെക്കുറിച്ചുള്ള മംഗളവാർത്ത മറിയത്തെ അറിയിച്ചത്.

* രക്ഷകനായ ഈശോയുടെ ജനനത്തെക്കുറിച്ചുള്ള വാർത്തയാണു മംഗളവാർത്ത.

* മറിയം ദൈവത്തിന്റെ ഇഷ്ടത്തിനു സമ്മതം കൊടുത്തു – അങ്ങനെ രക്ഷകനായ ഈശോയുടെ അമ്മയായി.



# സ്വന്തമാക്കേണ്ട മനോഭാവങ്ങൾ

* ദൈവകൃപ നിറഞ്ഞ മറിയത്തെപ്പോലെ നന്മയിൽ നമ്മൾ ജീവിക്കണം.

* മറിയത്തെപ്പോലെ, നാമും ദൈവത്തിന്റെ ഇഷ്ടം സ്വീകരിക്കുന്നവരാകണം.

# സ്വന്തമാക്കേണ്ട ശീലങ്ങൾ

* അനുസരിക്കുവാൻ പ്രയാസമെന്നു തോന്നുന്ന കാര്യങ്ങൾ പോലും അനുസരിക്കുക.

* കർത്താവിന്റെ മാലാഖ എന്ന ജപം ദിവസവും ഭക്തിപൂർവ്വം ചൊല്ലുക.




THANK
YOU